വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഹൈസ്കൂളിലെ 8,9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ കമ്പ്യൂട്ടർ സാക്ഷരരാക്കുന്നതിനായി 'കേന്ദ്ര പദ്ധതിയായ ക്ലാസ് പ്രോജക്ട്' പ്രകാരവും, സംസ്ഥാന സർക്കാരിന്റെ കമ്പ്യൂട്ടർ സാക്ഷരത പരിപാടി പ്രകാരവും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. ഈ രണ്ടു പദ്ധതികളിലുംകൂടി സംസ്ഥാനത്ത് മൊത്തം 519 സ്കൂളുകളിൽ 3 മുതൽ 5 കമ്പ്യൂട്ടർ വീതം വിതരണം ചെയ്തിട്ടുണ്ട്.

(ബി)&(സി) കേന്ദ്ര ആവിഷ്കൃത പദ്ധതിയായ 'ക്ലാസ് പ്രോജക്ട്' പ്രകാരം 194 സ്കൂളുകളിൽ കമ്പ്യൂട്ടർ സാക്ഷരത വിദ്യാഭ്യാസം 8,9,10 ക്ലാസുകളിൽ നടപ്പിലാക്കി. ഇതിനുപുറമേ തെരഞ്ഞെടുത്ത ഹയർ സെക്കന്ററി സ്കൂൾ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ 'ക്ലാസ് പ്രോജക്ട്' എന്ന പദ്ധതി നിറുത്തലാക്കിയതിനാൽ സാമ്പത്തിക സഹായമൊന്നും ഇപ്പോൾ ലഭിക്കുന്നില്ലെങ്കിൽ കൂടി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ കമ്പ്യൂട്ടർ സാക്ഷരത വിദ്യാഭ്യാസം നടത്തിവരുന്നുണ്ട്.

24 (*260) വിദ്യാർത്ഥി ശിക്ഷക് സ്കൂൾ കമ്പ്യൂട്ടർ സ്കീം

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവണ്മെന്റ് ആരംഭിച്ച വിദ്യാർത്ഥി-ശിക്ഷക്-സ്കൂൾ കമ്പ്യൂട്ടർ സ്കീമിന്റെ പരിധിയിൽ സംസ്ഥാനത്തുള്ള എത്ര സ്കൂളുകൾ ഉൾപ്പെടുന്നുണ്ട്;

(ബി) ഈ സ്കീമനുസരിച്ച് എന്തെല്ലാം ഗുണം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സ്കൂളുകൾക്കും ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഈ സ്കീം സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

25 (*261) തിരുവനന്തപുരം ബൈപാസ്

ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ തിരുവനന്തപുരം ബൈപാസിന്റെ ഒന്നും രണ്ടും ഘട്ടങ്ങളുടെ പണി എന്നു പൂർത്തിയാക്കണമെന്നാണ് പ്രതീക്ഷിച്ചിരുന്നത്;

(ബി) ഇപ്പോൾ പണിയുടെ എത്ര ശതമാനം പൂർത്തിയായി;

LIBRARY ARCHIVES Kerala Legislative Assembly